LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയുടെകീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

86 [249] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെകീഴിലുള്ള കുടിവെള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ പലപ്പോഴായിട്ടാണ് ടെണ്ടർ ചെയ്യുന്നത്. ഇത് പദ്ധതിയുടെ പൂർത്തീകരണത്തിന് വലിയ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങൾ ഒന്നിച്ച് ടെണ്ടർ ചെയ്ത് നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ ഘട്ടങ്ങൾ പലപ്പോഴായി ടെണ്ടർ ചെയ്യുന്നതുകൊണ്ടുമാത്രം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

'WATSAN' പദ്ധതി നടപ്പിലാക്കുന്ന നടപടി

87 [250] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട "വൈറ്റ് പേപ്പർ", വാട്ടർ അതോറിറ്റി ബോർഡ് യോഗം അംഗീകരിച്ചതാണോ;

(ബി) കേരളത്തിൽ 'WATSAN' പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) എം.ജി.പി.-യുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് കുടിവെള്ള മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വൈറ്റ് പേപ്പർ ഇതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ചത് സർക്കാർ അംഗീകരിച്ചതുമായ ഒരു രേഖയാണ്. അത് കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗം അംഗീകരിക്കുന്നതിന്റെ ആവശ്യകത ഉദിക്കുന്നില്ല.

(ബി ആന്റ് സി) എം.ജി.പി.-യുടെ ഭാഗമായി WATSAN സെക്ടറിൽ 8 ഉദ്യമങ്ങൾക്കുള്ള വിശദമായ പ്രവർത്തന പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. ഈ ഉദ്യമങ്ങൾ താഴെ കൊടുക്കുന്നു:

1. വാട്ട്സൺ ഏകീകരണം.
2. ജലവിഭവനയ ഭേദഗതി.
3. ജലവിഭവ മേഖലയിൽ WATSAN യൂണിറ്റിന്റെ വിന്യാസവും ശാക്തീകരണവും.
4. മഴവെള്ള സംഭരണം.
5. ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലെ പ്രത്യേക പദ്ധതികൾ.
6. പുറമ്പോക്ക് നിവാസികൾക്കായി വാട്ട്സൺ സൗകര്യങ്ങൾ നടപ്പാക്കൽ.
7. വാട്ട്സൺ സേവനങ്ങൾക്ക് ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ചുള്ള പഠനങ്ങൾ.
8. ജനപങ്കാളിത്തത്തോടുകൂടി വെള്ളക്കിണർ സംരക്ഷണം.

വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണി

88 [251] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, കെ. പി. വിശ്വനാഥൻ:
,, ഇ. എം. അഗസ്തി:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ പൊട്ടിയാൽ അത് നന്നാക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ ഈഞ്ചയ്ക്കൽ, ബൈപാസ് ജംഗ്ഷൻ, പെരുന്താനി കൃഷി വകുപ്പ് ആഫീസിനു മുൻവശം, വള്ളക്കടവ്, ഗാന്ധിനഗർ തുടങ്ങിയ സ്ഥലങ്ങളിൽ 2004-ൽ പൈപ്പ് പൊട്ടിയതിനെപ്പറ്റി വാട്ടർ അതോറിറ്റിക്ക് വിവരം കിട്ടിയത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര കാലം ഈ സ്ഥലങ്ങളിൽ പൈപ്പ് പൊട്ടി വെള്ളം നഷ്ടപ്പെടുന്ന നിലയിൽ കിടന്നു എന്നു വെളിപ്പെടുത്തുമോ;

(ഡി) ഇത്രയുംകാലം പൈപ്പ് പൊട്ടി വെള്ളം ചോർന്നതു കാരണം അവിടങ്ങളിൽ കുടിവെള്ളം മലിനപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം പൈപ്പു പൊട്ടി വെള്ളം ചോർന്നു പോകുന്നതിനും കുടിവെള്ളം മലിനപ്പെടുന്നതിനുമുള്ള സാഹചര്യം സംജാതമായത് എന്തു കൊണ്ട് എന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly